## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1557

12.06.2019 - ൽ
മറുപടിയ്ക്ക്

### തെങ്ങിൻ തൈ ഉൾപ്പെടെയുള്ള വിത്തിനങ്ങൾ

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | മറുപടി<br>ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) തെങ്ങിൻ തൈ ഉൾപ്പെടെയുള്ള വിത്തിനങ്ങൾ ഹൈബ്രിഡ് ഉൾപ്പെടെ കർഷകർക്ക് കുറഞ്ഞ വിലയിൽ ലഭിക്കുന്നതിന് സർക്കാർ ഫാമുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) ഗുണമേന്മയുള്ള ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും, ലെയറുകളും, തൈകളും, വേരുപിടിപ്പിച്ച മേൽത്തരം കുരുമുളക് വള്ളികളും കൂടാതെ പച്ചക്കറി വിത്തുകൾ, നെൽ വിത്ത്, പച്ചക്കറി തൈകൾ, എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കഴക്കൂട്ടം BMFC, DAF തളിപറമ്പ്, DAF അഞ്ചൽ എന്നിവിട ങ്ങളിൽ മേൽത്തരം ടിഷ്യുകൾച്ചർ വാഴ തൈകൾ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്ത് വരുന്നു. കോഴിക്കോട് ജില്ലയിൽ സർക്കാരിന്റെ കീഴിലുള്ള വിത്തുതേങ്ങ സംഭരണ കേന്ദ്രത്തിൽ നല്ല ഇനം വിത്തുതേങ്ങ സംഭരിച്ച് കേരളത്തിലെ തെരഞ്ഞെടുത്ത ഫാമുകളിൽ പാകി തൈകളാക്കി ന്യായമായ വിലയിൽ കൃഷി ഭവനുകൾ മുഖേന വിതരണം ചെയ്തു വരുന്നുണ്ട്. തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന സർക്കാർ നിയന്ത്രണത്തിലുള്ള പോളിനേഷൻ കേന്ദ്രങ്ങൾ മുഖേന ഹൈബ്രിഡ്, ഡ്വാർഫ് ഇനം വിത്തുതേങ്ങ തയ്യാറാക്കി വിവിധ ഫാമുകളിൽ പാകി മുളപ്പിച്ച് ന്യായമായ വിലയിൽ കർഷകർക്ക് വിതരണം നടത്തുന്നുണ്ട്. കൂടാതെ സർക്കാർ ഫാമായ മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ ഹൈബ്രിഡ് തൈകളും മറ്റ് വിവിധ ഇനം തെങ്ങിൻ തൈകളും തയ്യാറാക്കി വിതരണം ചെയ്യുന്നുണ്ട്. തീർത്തും ന്യായമായ വിലയിലാണ് സർക്കാർ ഫാമുകളിൽ നിന്ന് കർഷകർക്ക് തെങ്ങിൻ തൈകൾ നൽകുന്നത്. |
| ബി) നിലവിൽ ഏതെല്ലാം സർക്കാർ ഫാമുകളിലാണ് വിത്തിനങ്ങൾ ഉൽപാദിപ്പിക്കുന്നത്; വിത്തിനങ്ങൾ ഏതെല്ലാം; വാർഷിക ഉല്പാദനം എത്രയാണ്; | ബി) നിലവിൽ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്ന ഫാമുകളുടെ വിവരം ജില്ല തിരിച്ച് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. വിത്തിനങ്ങളുടെ വാർഷിക ഉല്പാദനം ഇനം തിരിച്ച് അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. |

| | |
|---|---|
| സി) ഫാമുകളുടെ നിലവിലുള്ള ഉല്പാദനം മുഴുവനും വിനിയോഗിക്കുവാൻ കഴിയുന്നുണ്ടോ; | സി) ഉണ്ട്. |
| ഡി) ഫാമുകൾ ജനസൗഹൃദവും കർഷകർക്കു പ്രയോജനകരവുമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | ഡി) കർഷകർക്കായി എല്ലാതരം തൈകളും ഫാമിൽ ഉത്പാദിപ്പിക്കുന്നുണ്ട്. ഫാമിൽ ഗ്രോ ബാഗുകളിൽ പച്ചക്കറി തൈകൾ തയ്യാറാക്കി കർഷകർക്ക് നൽകി വരുന്നുണ്ട്. അതുപോലെ ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ജൈവവളം, പച്ചക്കറി വിത്തുകൾ, നല്ല ഇനം ഫലവർഗ്ഗ തൈകൾ എന്നിവ നിലവിൽ കർഷകർക്ക് ഫാമുകളിൽ നിന്ന് ലഭ്യമാണ്. മാതൃകാപരമായ സംയോജിത കൃഷി രീതികൾ ഫാമുകളിൽ അവലംബിച്ചിട്ടുണ്ട്. കൂടാതെ പ്രദർശനത്തോട്ടങ്ങളും ഫാമുകളെ ജനസൗഹാർദ്ദമാക്കുന്നു. |

സെക്ഷൻ ഓഫീസർ

## കൃഷി വകുപ്പിനു കീഴിലുള്ള വിത്തുല്പാദന കേന്ദ്രങ്ങൾ

| ക്രമ നം. | ജില്ല | ഫാമിന്റെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | 1. ഉള്ളൂർ<br>2. ചിറയിൻകീഴ് |
| 2 | കൊല്ലം | 3. കൊട്ടാരക്കര<br>4. കടയ്ക്കൽ |
| 3 | പത്തനംതിട്ട | 5. അടൂർ<br>6. പുല്ലാട് |
| 4 | ആലപ്പുഴ | 7. അറുന്നൂറ്റിമംഗലം<br>8. വീയ്യപുരം |
| 5 | കോട്ടയം | 9. വാലാച്ചിറ<br>10. കോഴ |
| 6 | ഇടുക്കി | 11. കരിമണ്ണൂർ |
| 7 | എറണാകുളം | 12. ആലുവ<br>13. ഒക്കൽ |
| 8 | തൃശ്ശൂർ | 14. മണ്ണുത്തി<br>15. കോടശ്ശേരി<br>16. നടവരമ്പ്<br>17. എടത്തുരുത്തി<br>18. പാണഞ്ചേരി<br>19. പഴയന്നൂർ |
| 9 | പാലക്കാട് | 20. ആലത്തൂർ<br>21. കണ്ണന്നൂർ<br>22. കോങ്ങാട്<br>23. അനങ്ങനടി<br>24. മുതലമട |
| 10 | മലപ്പുറം | 25. തവനൂർ<br>26. ആനക്കയം<br>27. ചൊക്കാട് |
| 11 | കോഴിക്കോട് | 28. പേരാമ്പ്ര<br>29. പുതുപ്പാടി |
| 12 | കണ്ണൂർ | 30. കാങ്കോൾ<br>31. വേങ്ങാട് |
| 13 | കാസറഗോഡ് | 32. കാസറഗോഡ്<br>33. പുല്ലൂർ |
| **ജില്ലാ ഫാമുകൾ** | | |
| 1 | തിരുവനന്തപുരം | പെരിങ്ങമല |
| 2 | കൊല്ലം | അഞ്ചൽ |
| 3 | ആലപ്പുഴ | മാവേലിക്കര |
| 4 | കോട്ടയം | കോഴ |
| 5 | ഇടുക്കി | അരീക്കുഴ |

| | | |
|---|---|---|
| 6 | എറണാകുളം | നേര്യമംഗലം |
| 7 | തൃശ്ശൂർ | ചേലക്കര |
| 8 | മലപ്പുറം | ചുങ്കത്തറ |
| 9 | കോഴിക്കോട് | കൂത്താളി |
| 10 | കണ്ണൂർ | തളിപ്പറമ്പ |

**സ്പെഷ്യൽ ഫാമുകൾ**

| | | |
|---|---|---|
| 1 | തിരുവനന്തപുരം | ബനാന നഴ്സറി, പെരിങ്ങമല |
| 2 | കൊല്ലം | കശുമാവ്തോട്ടം, കൊട്ടാരക്കര |
| 3 | പത്തനംതിട്ട | കരിമ്പ് തോട്ടം, പന്തളം |
| 4 | ആലപ്പുഴ | മാവേലിക്കര |
| 5 | ഇടുക്കി | സംസ്ഥാന പച്ചക്കറിതോട്ടം, വണ്ടിപ്പെരിയാർ |
| 6 | തൃശ്ശൂർ | മോഡൽ ഹോർട്ടികൾച്ചറൽ ഫാം, കണ്ണാറ |
| 7 | പാലക്കാട് | ഓറഞ്ച് പച്ചക്കറിതോട്ടം, നെല്ലിയാമ്പതി |
| 8 | ,, | ഫലവർഗ്ഗ വികസന തോട്ടം, മലമ്പുഴ |
| 9 | ,, | സംയോജിത വിത്ത് വികസന തോട്ടം, എരുത്തിയാംപതി |
| 10 | ,, | കേന്ദ്ര ഫലവർഗ്ഗ തോട്ടം, പട്ടാമ്പി |
| 11 | മലപ്പുറം | വിത്തു കൃഷിത്തോട്ടം, മുണ്ടേരി |
| 12 | കണ്ണൂർ | റ്റി x ഡി ഹൈബ്രൈഡൈസേഷൻ യൂണിറ്റ്, ചാലോട് |
| 13 | കാസർഗോഡ് | കശുമാവ് പ്രോജനി തോട്ടം, ആദൂർ, ഗ്വാളിമുഖ |

**തെങ്ങിൻതൈ നേഴ്സറികൾ**

| | | |
|---|---|---|
| 1 | തിരുവനന്തപുരം | വലിയതുറ |
| 2 | ,, | കഴക്കൂട്ടം |
| 3 | കൊല്ലം | കരുനാഗപ്പള്ളി |
| 4 | എറണാകുളം | വൈറ്റില |
| 5 | തൃശ്ശൂർ | ഇരിഞ്ഞാലക്കട |
| 6 | മലപ്പുറം | പരപ്പനങ്ങാടി |
| 7 | കോഴിക്കോട് | തിക്കൊടി |
| 8 | കണ്ണൂർ | പാലയാട് |

സെക്ഷൻ ഓഫീസർ

അനുബന്ധം-2

## വാർഷിക ഉല്പാദനം

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | പ്ലാവ് ഗ്രാഫ്റ്റ് | 16737 |
| 2 | മാവ് ഗ്രാഫ്റ്റ് | 72782 |
| 3 | സപ്പോട്ട ഗ്രാഫ്റ്റ് | 18690 |
| 4 | പേര ലെയർ | 8530 |
| 5 | മധുരനാരകം ഗ്രാഫ്റ്റ് | 10411 |
| 6 | ജാതി ഗ്രാഫ്റ്റ് | 13404 |
| 7 | ചെറി ലെയർ | 6799 |
| 8 | പാഷൻ ഫ്രൂട്ട് തൈകൾ | 20394 |
| 9 | കശുമാവ് ഗ്രാഫ്റ്റ് | 191348 |
| 10 | കടംപുളി ഗ്രാഫ്റ്റ് | 4933 |
| 11 | കറിവേപ്പിൻ തൈകൾ | 134371 |
| 12 | പപ്പായ തൈകൾ | 45932 |
| 13 | കമുക് തൈകൾ | 115773 |
| 14 | വാഴകന്നുകൾ | 24931 |
| 15 | ടിഷ്യൂകൾച്ചർ വാഴതൈകൾ | 657392 |
| 16 | വേരുപിടിപ്പിച്ച കുരുമുളക് തൈകൾ | 541800 |
| 17 | പച്ചക്കറി വിത്തുകൾ | 11472 |
| 18 | പച്ചക്കറി തൈകൾ | 6573287 |
| 19 | നെൽ വിത്ത് | 767520 Kg. |
| 20 | കാപ്പി തൈകൾ | 34300 |
| 21 | കൊക്കോ തൈകൾ | 56562 |
| 22 | മുരിങ്ങ തൈകൾ | 49441 |
| 23 | അലങ്കാര സസ്യങ്ങൾ | 81820 |
| 24 | അഗത്തി തൈകൾ | 21306 |
| 25 | ഔഷധ സസ്യങ്ങൾ | 10728 |
| 26 | ജാതിതൈകൾ | 15112 |
| 27 | റംബൂട്ടാൻ തൈകൾ | 9511 |
| 28 | ഓറഞ്ച് തൈകൾ | 6900 |
| 29 | തെങ്ങിൻ തൈകൾ | 410996 |

സെക്ഷൻ ഓഫീസർ